പ്രസ്തുത ലോട്ടറികളിൽ നിന്നുള്ള വരുമാനത്തേക്കാൾ ചികിത്സാ ചെലവ് വളരെ അധികരിച്ചിരിക്കുന്നതിനാൽ ചികിത്സാ ധനസഹായത്തിന്റെ തുക വർദ്ധിപ്പിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

ഊർജ്ജ സംരക്ഷണ പ്രചാരണം

22 (*52) ശ്രീ. കെ. മുരളീധരൻ :

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :

ശ്രീ. വർക്കല കഹാർ :

ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ. എസ്. ഇ. ബി. ഊർജ്ജ സംരക്ഷണ പ്രചാരണത്തിന് എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത് ; വിശദമാക്കാമോ ;

(ബി) പ്രചാരണത്തിനായി എന്തെല്ലാം പദ്ധതികൾക്കാണ് തുടക്കമിട്ടിട്ടുള്ളത് ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) ഊർജ്ജ സംരക്ഷണത്തിന് എല്ലാ ഉപഭോക്താക്കളേയും ബോധവൽക്കരിക്കാനും പ്രോത്സാഹിപ്പിക്കാനും എന്തെല്ലാം കാര്യങ്ങളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത് ; വിശദമാക്കാമോ

(ഡി) പദ്ധതി നടത്തിപ്പുകൾക്കായി ഭരണ തലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

ഊർജ്ജ വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്) :

(എ-സി) കെ.എസ്.ഇ.ബി. ഊർജ്ജ സംരക്ഷണ പ്രചാരണത്തിന് താഴെ പറയുന്ന വിവിധ പ്രചാരണ പരിപാടികൾ കൈക്കൊണ്ടിട്ടുണ്ട്.

- പത്ര-ദൃശ്യ-ശ്രവ്യ മാധ്യമങ്ങളിലൂടെ വൈദ്യുതി ഉപയോഗം കുറയ്ക്കുന്നതിന്റെ പ്രാധാന്യം ബോധ്യപ്പെടുത്തുന്ന പ്രചാരണം.

- മലയാള മനോരമയുമായി സഹകരിച്ച് സംഘടിപ്പിച്ച ഊർജ്ജ സംരക്ഷണ ക്വിസുകൾ, മീറ്റർ റീഡിംഗ് എടുക്കേണ്ടതെങ്ങനെ എന്ന കാര്യങ്ങൾ

LIBRARY ARCHIVES Kerala Legislative Assembly

വിവരിക്കുന്ന ഊർജ്ജച്ചെപ്പ് എന്ന കൈപ്പുസ്തക വിതരണം.

- ടി.വി., ആകാശവാണി, എഫ്.എം. ചാനലുകൾ എന്നിവയിൽ പ്രമുഖ സിനിമാ താരങ്ങളെ പങ്കെടുപ്പിച്ചുകൊണ്ടുള്ള ഊർജ്ജ സംരക്ഷണ പരസ്യങ്ങൾ.

- കേരളത്തിലെ പ്രധാന പ്രദർശന നഗരികളിൽ ഊർജ്ജ സംരക്ഷണ സന്ദേശം ഉൾക്കൊള്ളുന്ന പ്രദർശന വസ്തുക്കൾ, പോസ്റ്ററുകൾ എന്നിവ പ്രദർശിപ്പിക്കുക.

- സോഷ്യൽ മീഡിയയായ ഫേസ് ബുക്ക് വഴിയുള്ള ഊർജ്ജ സംരക്ഷണ പ്രചാരണം.

- ഊർജ്ജ സംരക്ഷണം ദിനചര്യയാക്കാൻ പ്രേരിപ്പിക്കുന്ന 'ലാഭപ്രഭ 2014' പരിപാടി.

- സ്കൂൾ വിദ്യാർത്ഥികളെ പങ്കെടുപ്പിച്ചുകൊണ്ടും റസിഡന്റ്സ് അസോസിയേഷനുകൾ, എൻ.സി.സി, എൻ.എസ്.എസ്., പഞ്ചായത്തുകൾ എന്നിവയുടെ സഹകരണത്തോടെയുള്ള ഊർജ്ജ സംരക്ഷണ പരിപാടികൾ.

- ഊർജ്ജ സംരക്ഷണ പരിപാടികൾ വിജയിപ്പിക്കുവാനായി നടപ്പിലാക്കിയ സമ്മാന പദ്ധതികൾ.

- ഊർജ്ജ സംരക്ഷണ പ്രവർത്തനത്തിനായി കെ.എസ്.ഇ.ബി.-യുടെ 'എനർജി സേവിംഗ്സ് കോർഡിനേഷൻ ടീം' (ESCOT) രൂപീകരണം.

- 'എനർജി സേവിംഗ്സ് കോർഡിനേഷൻ ടീം' (ESCOT) വഴി വൈദ്യുതി ഉപകരണങ്ങളുടെ പ്രവർത്തനക്ഷമതയും, പ്രവർത്തന രീതിയും മെച്ചപ്പെടുത്തുന്നതിനുള്ള മാർഗ്ഗങ്ങൾ, നിർദ്ദേശിക്കുക, ഉല്പാദന, പ്രസരണ മേഖലകളിൽ വൈദ്യുതി നഷ്ടം പരമാവധി കുറയ്ക്കുവാൻ കെ.എസ്.ഇ.ബി.എൽ.-നെ പ്രാപ്തമാക്കുക

- എൽ.ഇ.ഡി. ബൾബുകൾ കൂട്ടത്തോടെ ഉപയോഗിക്കുവാനുള്ള അവബോധം ഉണ്ടാക്കുക.

- എനർജി ആഡിറ്റിംഗ്.

- വീടുകളിലെ വൈദ്യുതി ഉപകരണങ്ങളുടെ ഊർജ്ജ സംരക്ഷണത്തെ സംബന്ധിക്കുന്ന ലഘുലേഖ വിതരണം മുതലായ ഊർജ്ജ സംരക്ഷണ

LIBRARY ARCHIVES Kerala Legislative Assembly

പ്രവർത്തനങ്ങളാണ് നടത്തിവരുന്നത്.

കൂടാതെ ബ്യൂറോ ഓഫ് എനർജി എഫിഷ്യൻസിയുടെ (BEE) DISCOMs കളിലെ കപ്പാസിറ്റി ബിൽഡിംഗ് പദ്ധതിയിലും കേരള സംസ്ഥാന വൈദ്യുതബോർഡ് അംഗമാണ്. ഊർജ്ജ സംരക്ഷണ ബോധവത്ക്കരണ പ്രവർത്തനങ്ങൾക്കും പ്രോത്സാഹനങ്ങൾക്കുമായി സംസ്ഥാന വൈദ്യുതി ബോർഡ് ഇലക്ട്രിക്കൽ സബ് ഡിവിഷൻ തലത്തിൽ DSM (ഡിമാന്റ് സൈഡ് മാനേജ്മെന്റ്) സെല്ലുകൾ രൂപീകരിക്കുകയും ദേശീയ പ്രാധാന്യമുള്ള ദിവസങ്ങളിൽ ക്യാമ്പെയ്നുകൾ നടത്തിവരുകയും ചെയ്യുന്നു.

(ഡി) ഊർജ്ജ സംരക്ഷണ പ്രവർത്തനങ്ങളുടെ നടത്തിപ്പിന് KSEB 7 കോടി രൂപ 2014-15 സാമ്പത്തിക വർഷത്തിൽ വകയിരുത്തിയിട്ടുണ്ട്. ഡിമാന്റ് സൈഡ് മാനേജ്മെന്റ് പ്രവർത്തനങ്ങളും നടത്തിവരുന്നു.

സംസ്ഥാനത്തെ പരമ്പരാഗത വ്യവസായമേഖലയിലെ പ്രതിസന്ധി പരിഹരിക്കാൻ നടപടി

23 (*53) ശ്രീ. എളമരം കരീം :
ശ്രീ. സി. കൃഷ്ണൻ :
ശ്രീ. പി. കെ. ഗുരുദാസൻ :
ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ പരമ്പരാഗത വ്യവസായ മേഖല അഭിമുഖീകരിക്കുന്ന പ്രതിസന്ധി പരിഹരിക്കുന്നതിന് സർക്കാർ ക്രിയാത്മക നടപടികൾ സ്വീകരിക്കുന്നില്ല എന്ന പരാതി ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ;

(ബി) കൈത്തറി ഉൾപ്പെടെയുള്ള പരമ്പരാഗത വ്യവസായങ്ങൾ അഭിമുഖീകരിക്കുന്ന പ്രതിസന്ധിമൂലം ഈ മേഖലയിലെ തൊഴിലാളികളും കുടുംബങ്ങളും അനുഭവിക്കുന്ന ദുരിതം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) പരമ്പരാഗത വ്യവസായങ്ങളുടെ തകർച്ച നേരിടുന്നതിന് സർക്കാർ പ്രഖ്യാപിച്ച പദ്ധതികളിൽ ഏതൊക്കെ പദ്ധതികൾ നടപ്പാക്കുകയുണ്ടായെന്നും അത് ഏത്ര മാത്രം ഫലപ്രദമായിരുന്നുവെന്നും വിശദമാക്കാമോ ;

(ഡി) പരമ്പരാഗത വ്യവസായങ്ങളുടെ തകർച്ച നേരിടുന്നതിന് പ്രഖ്യാപിച്ച

LIBRARY ARCHIVES Kerala Legislative Assembly